## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2956 — 02.04.2013-ലെ മറുപടിക്ക്

ജീവനക്കാരുടെ പുനർവിന്യാസം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശസ്വയംഭരണവകുപ്പിലേക്ക് ജീവനക്കാരെ പുനർ വിന്യസിക്കുന്നതു സംബന്ധിച്ച് 27.10.2012 ലെ ജിഒ(ആർ.ടി) നം. 1814/ 2012/പി.ഡബ്ല്യു.ഡി. ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (എ). പൊതുമരാമത്ത് വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണവകുപ്പിലേക്ക് ജീവനക്കാരെ പുനർ വിന്യസിക്കുന്നതു സംബന്ധിച്ച് 27.10.2012 ലെ ജിഒ(ആർ.ടി)നം.1814/ 2012/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവ് ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകപ്പിലേയ്ക്ക് ഓപ്ഷൻ നൽകിയവരെ എല്ലാം ടി വകപ്പിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. എന്നാൽ ഓപ്ഷൻ നൽകാത്ത, പുനർവിന്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ടവരാരും തന്നെ തദ്ദേശസ്വയംഭരണ വകപ്പിൽ ഇതുവരെയും ചേർന്നിട്ടില്ല. ഇവരിൽ ചിലർ ബഹു: കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ബഹു:ഹൈക്കോടതി എന്നിവിടങ്ങളിൽ പുനർവിന്യാസത്തിനെതിരായി വിവിധ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. ടി കേസുകളിലെ വിധിന്യായങ്ങളുടെയും, ഇവർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചു വരികയാണ്. ഇതു സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികൾക്കനുസൃതമായി പരിശോധിച്ചു തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| (ബി). പ്രസ്തുത ഉത്തരവനുസരിച്ച് സ്ഥിരമായ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ എത്ര ജീവനക്കാരുണ്ട്; കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി). പ്രസ്തുത ഉത്തരവു പ്രകാരം സ്ഥിരമായ പുനർവിന്യാസത്തിനുള്ള ലിസ്റ്റിൽ ആകെ 535 മിനിസ്റ്റീരിയൽ ജീവനക്കാരുണ്ട്. കാറ്റഗറി തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 3 |
| ക്ലാർക്ക് | - | 324 |
| ടൈപ്പിസ്റ്റ് | - | 105 |
| ഓഫീസ് അറ്റൻഡന്റ് | - | 102 |

(സി) തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ മാതൃവകുപ്പിലേക്ക് തിരിച്ചു കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എന്നത്തേക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ?

(സി) തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ടവരിൽ 20 ക്ലാർക്ക്, 3 ടൈപ്പിസ്റ്റ്, 3 ഓഫീസ് അറ്റൻഡന്റ് എന്നിവരെ മാതൃവകുപ്പിലേയ്ക്ക് തിരിച്ച് കൊണ്ടു വന്നിട്ടുണ്ട്. ഇനിയും വരാനുള്ളവർക്ക്, തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ